

# FULMINARE

## 2K23-24

GHSS PALLIMON

# ഉള്ളടക്കം


| | |
|---|---|
| 1: ആമുഖം | 1 |
| 2: ആശംസ | 2 |
| 3: എൻെറ വിദ്യാലയം | 3 |
| 4: നിർമ്മിത ബുദ്ധി | 4 |
| 5: കൊറോണ വൈറസ് | 5 |
| 6: ച(ന്ദയാൻ−3 | 6 |
| 7: ബാലവേല | 7 |
| 8: വായന | 8 |
| 9: പ്ലാസ്റ്റിക്ക് മലിനീകരണം | 9 |
| 10: വനനശീകരണം | 10 |
| 11: ലഹരി എന്ന വിപത്ത് | 11 |
| 12: പോസ്റ്റർ | 12 |
| 13: കവിത ( English) | 13 |
| 14: Mahatma Gandhi | 14 |
| 15: കവിത ( മലയാളം) | 15 |
| 16: കഥ ( മലയാളം) | 16 |
| 17: THOUGHT | 17 |
| 18: ചിന്ത | 18 |
| 19: Editorial Board | 19 |
| 20:നന്ദി | 20 |

# ആമുഖം



## കൂട്ടുകാരെ,

മഹാവ്യാധിയുടെ കാലം കടന്ന് പുതുപ്രതീക്ഷയുടെ അധ്യായന വർഷം ആയിരുന്നു ഇത്. മനസ്സിൽ മായാതെ നിൽക്കുന്ന വർണ്ണങ്ങളുടെയും അനുഭവങ്ങളുടെയും ഭാവനയുടെയും ഒരു ലോകമാണ് ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്ക് മുന്നിൽ കാഴ്ചവെക്കുന്നത് .

2023–2024 അധ്യായന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുക്കിയ ഈ മാഗസിൻെറ അണിയറയിൽ പ്രവർത്തിച്ച എല്ലാ കൂട്ടുകാർക്കും നന്ദി അറിയിക്കുന്നു. ഈ മാഗസിനിലേക്ക് സർഗ്ഗ രചനകൾ നൽകിയ പ്രിയ അധ്യാപകരോടും വിദ്യാർത്ഥികളോടുമുള്ള കടപ്പാടും ഞങ്ങൾ അറിയിക്കട്ടെ നമ്മുടെ സ്കൂളിലെ ബഹുമാനപ്പെട്ട പ്രധാന അധ്യാപിക സത്യവതി ടീച്ചർ, ഈ മാഗസിൽ പൂർത്തിയാക്കാൻ ഒപ്പമുണ്ടായിരുന്ന അധ്യാപകരായ smt viji teacher,smt Divya teacher എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

# ആശംസ



ഹൃദയഹാരിയായ ചിത്രങ്ങളാലും രചനകളാലും തങ്ങളുടെ കഴിവ് തെളിയിച്ച G.H.S.S Pallimon SCHOOL ന്റെ അഭിമാന പാത്രങ്ങളായ പ്രിയ വിദ്യാർത്ഥികൾക്ക് ആശംസകൾ.FULMINARE എന്ന DIGITAL MAGAZINE ഇത്ര മനോഹരമാക്കാൻ ശ്രമിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും നേതൃത്വം നൽകിയ കൈറ്റ് മിസ്ട്രസ് മാരായ vij i teacher,Divya teacher എന്നിവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു.FULMINARE എന്ന മാഗസിൻ ഒരു വിജയമായ ി തീരട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്

Headmistress

സത്യവതി

# എന്റെ വിദ്യാലയം

പള്ളിമൺ എന്ന ഒരു കൊച്ചു ഗ്രാമത്തിലാണ് എന്റെ വിദ്യാലയമായ G.H.S.S Pallimon സ്ഥിതി ചെയ്യുന്നത. ഈ സ്കൂൾ ഉണ്ടായതിനുപിന്നിൽ ഒരു വലിയ ചരിത്രം ഉണ്ട്. അത് ഒക്കെ ചുരുക്കികൊണ്ടാണ് ഇതിൽ പറയുന്നത. ഈ ഗ്രാമത്തിലുള്ള കുട്ടികൾ ഇത്തിക്കരയാറ് കടന്നാണ് പഠിക്കാൻ പോയിരുന്നത. അങ്ങനെ പതിവുപോലെ എട്ട് ബാലികമാർ വള്ളത്തിൽ കയറി അത പകുതിഎത്തിയപ്പോൾ ഒരു കാറ്റവന്നുഅടിക്കുകയും ആ വള്ളം ആ ആറിന്റെ ആഴങ്ങളിലേക്ക്പോവുകയും ചെയതു. അതിലുണ്ടായിരുന്ന ബാലികമാർ മരണത്തിനുകീഴടങ്ങി ഇതിലെ തുടർന്ന് 1962–ൽ പള്ളിമൺ എന്ന ഗ്രാമത്തിൽ G.H.S.S Pallimon എന്ന് പേരുള്ള വിദ്യാലയം നിലവിൽ വന്നു. അതുകൊണ്ട് തന്നെ ഈ സ്കൂളിലുള്ള ആഡിറ്റോറിയത്തിന് "അഷ്ടബാലികസ്മാരക ആഡിറ്റോറിയം" എന്ന് പേരുനൽകുകയും ചെയാതു.



# നിർമ്മിത ബുദ്ധി

കൃത്രിമബുദ്ധി (artificial intelligence, AI) എന്ന വാക്ക് യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത് യാഥാർഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്രത്തിലെ ശാഖയേയും കുറിക്കാൻ ഉപയോഗിക്കുന്നു. ഇന്റലിജന്റ് ഏജന്റുമാരുടെ പഠന മേഖലയാണ് എഐ ഗവേഷണം എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്, അത് പരിസ്ഥിതിയെ മനസ്സിലാക്കുകയും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന ഏതൊരു സംവിധാനത്തെയും സൂചിപ്പിക്കുന്നു.

ഈ മേഖലയിലെ പ്രധാന ഗ്രന്ഥങ്ങൾ നിർവചിക്കുന്നതനുസരിച്ച് നിർമ്മിത ബുദ്ധി എന്നാൽ "വിവേകമുള്ള യന്ത്രങ്ങളെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള പഠനപ്രവർത്തനങ്ങളും അവയുടെ രൂപകൽപ്പനയും". വിവേകമുള്ള യന്ത്രങ്ങൾ എന്നാൽ ചുറ്റുപാടിൽ നിന്നും കാര്യങ്ങൾ സ്വീകരിക്കുകയും അതുവഴി വിജയകരമായി നീങ്ങുവാനുള്ള പ്രവർത്തികൾ നടപ്പിൽ വരുത്തുന്നതുമായ വ്യൂഹങ്ങൾ" ആണ്. സംഭാഷണപരമായി, "കൃത്രിമബുദ്ധി" എന്ന പദം പലപ്പോഴും മനുഷ്യ മനസ്സുമായി മനുഷ്യർ ബന്ധപ്പെടുത്തുന്ന "വൈജ്ഞാനിക" പ്രവർത്തനങ്ങളെ അനുകരിക്കുന്ന യന്ത്രങ്ങളെ (അല്ലെങ്കിൽ കമ്പ്യൂട്ടറുകളെ) വിവരിക്കാൻ ഉപയോഗിക്കുന്നു, അതായത് "പഠിക്കുക", "പ്രശ്ന പരിഹാരം നടത്തുക".

മെഷീനുകൾ കൂടുതൽ പ്രാപ്തി കൈവരിക്കുമ്പോൾ, "ഇന്റലിജൻസ്" ആവശ്യമാണെന്ന് കരുതപ്പെടുന്ന ടാസ്ക്കുകൾ പലപ്പോഴും എഐ(AI) യുടെ നിർവ്വചനത്തിൽ നിന്നും നീക്കംചെയ്യുന്നു, ഇത് എഐ ഇഫക്റ്റ് എന്നറിയപ്പെടുന്ന പ്രതിഭാസമാണ്.[1] എഐ ആപ്ലിക്കേഷനുകളിൽ വിപുലമായ വെബ് സെർച്ച് എഞ്ചിനുകൾ (ഉദാ. ഗൂഗിൾ), ശുപാർശ സംവിധാനങ്ങൾ (യൂട്യൂബ്, ആമസോൺ, നെറ്റ്ഫ്ലിക്സ് എന്നിവ ഉപയോഗിക്കുന്നു), മനുഷ്യന്റെ സംസാരം മനസ്സിലാക്കൽ (സിരി, അലക്സ എന്നിവ പോലുള്ളവ), സെൽഫ് ഡ്രൈവിംഗ് കാറുകൾ (ഉദാ. ടെസ്‌ല), സ്വയമേവയുള്ള തീരുമാനമെടുക്കൽ എന്നിവ ഉൾപ്പെടുന്നു. സ്ട്രാറ്റജിക് ഗെയിം സിസ്റ്റങ്ങളിൽ (ചെസ്സ്, ഗോ പോലുള്ളവ) ഉയർന്ന തലത്തിൽ മത്സരിക്കുക മുതലായവ.[2] യന്ത്രങ്ങൾ കൂടുതൽ പ്രാപ്തമാകുന്നതോടെ, "ബുദ്ധി" ആവശ്യമാണെന്ന് കരുതുന്ന ജോലികൾ എഐ യുടെ നിർവചനത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുന്നു, ഈ പ്രതിഭാസം എഐ പ്രഭാവം എന്നറിയപ്പെടുന്നു.[3] ഉദാഹരണത്തിന്, ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ എന്നത് എഐ ആയി കണക്കാക്കപ്പെടുന്ന കാര്യങ്ങളിൽ നിന്ന് ഇടയ്ക്കിടെ ഒഴിവാക്കപ്പെടുന്നു,[4] ഇത് ഒരു സാധാരണ സാങ്കേതികവിദ്യയായി മാറിയിരിക്കുന്നു.[5] കൃത്രിമബുദ്ധി ഒരു അക്കാദമിക് ഡിസിപ്ലിനായി 1955-ൽ സ്ഥാപിതമായി. 2015-ൽ ആൽഫാഗോ ഒരു പ്രൊഫഷണൽ ഗോ കളിക്കാരനെ വിജയകരമായി പരാജയപ്പെടുത്തിയ ശേഷം, കൃത്രിമബുദ്ധി വീണ്ടും ആഗോള ശ്രദ്ധ ആകർഷിച്ചു.[6]അതിന്റെ ചരിത്രം പരിശോധിച്ചാൽ, എഐ ഗവേഷണം പരസ്പരം ആശയവിനിമയം നടത്തുന്നതിൽ പരാജയപ്പെട്ട ഉപമേഖലകളാണ്.



# കൊറോണ വൈറസ്




മനുഷ്യരും പക്ഷികളും ഉൾപ്പെടെയുള്ള സസ്തനികളിൽ രോഗമുണ്ടാക്കുന്ന ഒരു കൂട്ടം വൈറസുകളാണ് കൊറോണ വൈറസുകൾ (COVID-2019) corona virus. ഇവ സാധാരണ ജലദോഷപ്പനി മുതൽ സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം(സാർസ്), മിഡിൽ ഈസ്റ്റ് റെസ്പിറേറ്ററി സിൻഡ്രോം(മെർസ്), കോവിഡ്-19 എന്നിവ വരെയുണ്ടാകാൻ ഇടയാക്കുന്ന ഒരു വലിയ കൂട്ടം വൈറസുകളാണ്. മനുഷ്യൻ ഉൾപ്പെടെയുള്ള സസ്തനികളുടെ ശ്വാസനാളിയെ ബാധിക്കുന്നു. ജലദോഷം, ന്യുമോണിയ, സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം(SARS) ഇവയുമായി ബന്ധപ്പെട്ട ഈ വൈറസ് ഉദരത്തെയും ബാധിക്കാം.

ബ്രോങ്കൈറ്റിസ് ബാധിച്ച പക്ഷികളിൽ നിന്നു 1937 ലാണ് ആദ്യമായി കൊറോണ വൈറസിനെ തിരിച്ചറിഞ്ഞത്. സാധാരണ ജലദോഷത്തിന് 15 മുതൽ 30 ശതമാനം വരെ കാരണം ഈ വൈറസുകൾ ആണ്. കഴിഞ്ഞ 70 വർഷങ്ങളായി, കൊറോണ വൈറസ് എലി, പട്ടി, പൂച്ച, ടർക്കി, കുതിര, പന്നി, കന്നുകാലികൾ ഇവയെ ബാധിക്കാമെന്ന് ശാസ്ത്രജ്ഞർ കണ്ടെത്തി. മൃഗങ്ങൾക്കിടയിൽ പൊതുവേ ഇത് കണ്ടുവരുന്നുണ്ട്. സൂണോട്ടിക് എന്നാണ് ഇവയെ ശാസ്ത്രജ്ഞർ വിശേഷിപ്പിക്കുന്നത്. അതായത് ഇത്തരം വൈറസുകൾ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്നവയാണ് എന്നർഥം.


ഇവ ശ്വാസനാളിയെയാണ് ബാധിക്കുക. ജലദോഷവും ന്യൂമോണിയയുമൊക്കെയാണ് ഈ വൈറസ് ബാധയുടെ ലക്ഷണങ്ങൾ. രോഗം ഗുരുതരമായാൽ സാർസ്, ന്യുമോണിയ, വൃക്കസ്തംഭനം എന്നിവയുണ്ടാകും. മരണവും സംഭവിക്കാം. ചൈനയിൽ ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത് ഇവയിൽ നിന്നും അല്പം വ്യത്യസ്തമായ, ജനിതകമാറ്റം വന്ന പുതിയ തരം കൊറോണ വൈറസാണ്.സാധാരണ ജലദോഷ പനിയെ പോലെ ശ്വാസകോശ നാളിയെയാണ് ഈ രോഗം ബാധിക്കുന്നത്. മൂക്കൊലിപ്പ്, ചുമ, തൊണ്ടവേദന, തലവേദന, പനി തുടങ്ങിയവയാണ് ലക്ഷണങ്ങൾ. ഇവ ഏതാനും ദിവസങ്ങൾ നീണ്ടുനിൽക്കും. രോഗപ്രതിരോധവ്യവസ്ഥ ദുർബലമായവരിൽ, അതായത് പ്രായമായവരിലും ചെറിയ കുട്ടികളിലും വൈറസ് പിടിമുറുക്കും. ഇതുവഴി ഇവരിൽ ന്യുമോണിയ, ബ്രോങ്കൈറ്റിസ് പോലുള്ള ശ്വാസോശ രോഗങ്ങൾ പിടിപെടും.

കേരളത്തിൽ പത്തനംതിട്ട ജില്ലയിലെ അഞ്ച് പേർക്ക് കൊറോണ വൈറസ് ബാധിച്ചതായി റിപ്പോർട്ട് വന്നിരുന്നു. ഇറ്റലിയിൽ നിന്നും എത്തിയവരിൽ നിന്നാണ് കൊറോണ വൈറസ് ഇവർക്കും പിടിപ്പെട്ടത്. ലോകാരോഗ്യ സംഘടന കൊറോണ വൈറസിനെ മഹാമാരിയായി പ്രഖ്യാപിച്ചു.



# ചന്ദ്രയാൻ-3





ക്ഷേപണ വിജയത്തെ തുടർന്ന് ചന്ദ്രോപരിതലത്തിലെ പാറയും മണ്ണും ഭൂമിയിലെത്തിച്ച ഗവേഷണം നടത്താൻ ലക്ഷ്യമിടുന്ന ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ്റെ മൂന്നാമത്തെ ചാന്ദ്ര ദൗത്യമാണ് ചന്ദ്രയാൻ–3. 14 ജൂലൈ 2023 ന് പദ്ധതി വിജയകരമായി വിക്ഷേപിച്ചു. 2023 ആഗസ്റ്റ് 23 വൈകുന്നേരം 6:4 ന് ചന്ദ്രയാൻ–3 വിജയകരമായി ചന്ദ്രനിൽ ഇറങ്ങി [7]
തയ്യാറെടുപ്പുകൾ

2022ൽ ബഹിരാകാശത്തേക്ക് മനുഷ്യനെ അയയ്ക്കാനുള്ള ഗഗൻയാൻ പദ്ധതിയുടെ പണിപ്പുരയിലാണ് ഇന്ത്യ. അതിന് ശേഷമായിരിക്കും ചന്ദ്രയാൻ–3 യുടെ ഒരുക്കങ്ങൾ ശക്തമാക്കുക. ചന്ദ്രയാൻ 2 പേടകത്തിലെ ലാൻഡറും റോവറും ചന്ദ്രനിലിറങ്ങി നടത്തുന്ന പരീക്ഷണഫലങ്ങൾ കൂടി അവലോകനം ചെയ്തശേഷം ചന്ദ്രയാൻ 3 രൂപകൽപന സംബന്ധിച്ച അന്തിമചർച്ചകൾ നടക്കും. 5 വർഷത്തിനകം പദ്ധതി നടപ്പാക്കാനാണു നിലവിലുള്ള തീരുമാനം. ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ നിന്നുള്ള മണ്ണും കല്ലും ശേഖരിച്ച പഠനം നടത്താനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. [8]

# ബാലവേല



കൊച്ചുകുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് കുറ്റകരമായി പ്രഖ്യാപിച്ചിട്ടുണ്ട്. എങ്കിലും നമ്മുടെ നാടിന്റെ മിക്കയിടങ്ങളിലും ബാല വേല ഇന്നും തുടരുന്നു. ഈ സാമൂഹ്യതിന്മയ്ക്കെതിരെ പ്രതികരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പതിന്നാലുവയസ്സിൽ താഴെയുള്ള കുട്ടികളെക്കൊണ്ട് ജോലിചെയ്യി ക്കുന്നതിനാണ് ബാലവേല എന്നുപറയുന്നത്. ഈ പ്രായത്തിൽ കുട്ടികൾ കളിച്ചും ചിരിച്ചും വളരേണ്ടവരാണ്. അതിനുപകരം കഠിനമായ ജോലി ചെയ്യാൻ അവർ നിർബന്ധിതരാകുന്നത് ആശാസ്യമല്ല. കുട്ടികൾ സ്വമേധയാ ഈ രംഗത്തേക്ക കടന്നുവരുന്നതല്ല. അവർ അതിന് നിർബ ന്ധിതരാകുകയാണ്.

അനാഥരായ കുട്ടികളും ജീവിതസാഹചര്യവുമാണ് ബാലവേലയ്ക്ക് കാരണം. കുട്ടികളെക്കൊണ്ട് പണിയെടുപ്പിച്ച് തുച്ഛമായ പ്രതിഫലം കൊടു ക്കുന്ന തൊഴിലുടമകൾ ഇത് ലാഭകരമായി കരുതുന്നു. കുട്ടികളെ തട്ടിയെടുത്ത് ഭിക്ഷാടനം, മോഷണം എന്നിവ നടത്തു ന്നതിനുവേണ്ടി വിനിയോഗിക്കുന്ന ചില സാമൂഹ്യവിരുദ്ധരുണ്ട്. ഇവരുടെ

കൈയിൽ അകപ്പെട്ടാൽ കുട്ടികളുടെ സ്ഥിതി പരമദയനീയമാണ്. ഏതൊ രുകുട്ടിക്കും ആരോഗ്യവും പ്രാഥമികവിദ്യാഭ്യാസവും ലഭിക്കണമെന്ന് നമ്മുടെ നിയമങ്ങളിലുണ്ട്. പക്ഷേ ഇവ പലപ്പോഴും ബാലവേലചെയ്യു ന്നവർക്ക് ലഭിക്കുന്നില്ലെന്നതാണ് വാസ്തവം. ബാലവേലമൂലം കുട്ടികൾക്കു ലഭിക്കേണ്ട സ്നേഹവും ലാളനയും നിഷേധിക്കപ്പെടുന്നു. പകരം അവർക്കു ലഭിക്കുന്നത് മോശമായ പെരു മാറ്റവും കഠിനമായഅദ്ധ്വാനവുമാണ്. ഇതിനുപുറമേ ചിലർക്ക് ക്രൂരമായ മർദ്ദനം അനുഭവിക്കേണ്ടതായും വരുന്നു. ഇതിനെതിരെ പ്രതികരിക്കാൻ പലപ്പോഴും കുട്ടികൾക്കു കഴിഞ്ഞെന്നുവരില്ല. സാമൂഹികസംഘടന കൾക്ക് ഇത്തരം ബാലവേലകൾ കണ്ടെത്തി ഉചിതമായ നടപടി സ്വീക രിക്കുന്നതിന് സാധിക്കും.

വീട്ടുകളിൽ പലവിധജോലിചെയ്യുന്നതിന് കുട്ടികളെ ഉപയോഗിക്കു ന്നവരുണ്ട്. നഗരത്തിലെ പലഹോട്ടലുകളിലും എച്ചിൽപാത്രമെടുക്കു ന്നതും തുടയ്ക്കുന്നതും കഴുകുന്നതുമെല്ലാം കുട്ടികളാണ്. വർക്ക്ഷോ പ്പുകളിലും, ചെറുകിട ഫാക്ടറികളിലും വ്യവസായശാലകളിലും കുട്ടി കളെക്കൊണ്ട് അമിതമായി പണിയെടുപ്പിക്കാറുണ്ട്. ഇതിനൊക്കെ പുറമേ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്ന മേഖലകളിലും കുട്ടികളെക്കൊണ്ട് അമിതമായി പണിയെടുപ്പിക്കാറുണ്ട്. ഗ്രാമങ്ങളെന്നോ നഗരങ്ങളെന്നോ ഭേദമില്ലാതെ വീട്ടുവീടാന്തരം കയറിയിറങ്ങി കുട്ടികളെക്കൊണ്ട് കച്ചവടം നടത്തിക്കുന്നവരുമുണ്ട്. തുച്ഛമായ പ്രതിഫലം കൊടുത്താൽ മതിയാകുമെ ന്നതാണ് കുട്ടികളെക്കൊണ്ട് വേലയെടുപ്പിക്കുവാൻ തൊഴിലുടമകളെ പ്രേരിപ്പിക്കുന്നത്. ശരിയായ ഭക്ഷണമോ വിശ്രമമോ ലഭിക്കാതെ കുട്ടി കൾ വളരെയധികം കഷ്ടപ്പെടുകയാണ്. സ്വന്തം ആരോഗ്യംപോലും സംരക്ഷിക്കാൻ കഴിയാതെ അകാലത്തിൽ പൊലിഞ്ഞുപോകുന്ന ആ ബാല്യങ്ങൾ നമ്മുടെ നാടിനൊരു കളങ്കമാണ്. ഈ ദുഷ്പ്രവണതയെ നേരിടുന്നതിന് നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. ബാലവേല നിരോധിക്കുന്നതിനെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണ്. കുട്ടിക ളെക്കൊണ്ട് പണിയെടുപ്പിക്കുകയില്ലെന്ന് നാം ഓരോരുത്തരും ദൃഢ നിശ്ചയംചെയ്യണം. എവിടെയെങ്കിലും ബാലവേലനടക്കുന്നതായി ശ്രദ്ധ യിൽപ്പെട്ടാൽ അതു നിരോധിക്കുന്നതിന് അധികാരികളുടെ ശ്രദ്ധയിൽപ്പെ ടുത്തേണ്ടതാണ്



# വായന



National Reading Day 2023: വാളിനേക്കാൾ മൂർച്ചയാണ് വാക്കുകൾക്ക്, അതുകൊണ്ടു തന്നെ വാക്കുകൾ ഇഴ ചേർത്തുവെച്ച പുസ്തകങ്ങളുടെ വായനയാണ് മനുഷ്യന്റെ മാനസിക വളർച്ചയ്ക്ക് ഏറ്റവും അനിവാര്യം. ഒരു നല്ല പുസ്തകം ഒരു മികച്ച സുഹൃത്തിന് തുല്യമാണ്. ലോകം എത്ര മാറിയാലും വായനയുടെ പ്രാധാന്യം കുറയുന്നില്ല, ഓരോ കാലത്തെയും സാഹസാഹര്യങ്ങൾക്കനുസരിച്ച് വായനയുടെ രീതികൾ മാറിയേക്കാം, തൊട്ടടുത്ത ലൈബ്രറിയായിരുന്നു പഴയ തലമുറയിലെ ആളുകളുടെ വായനാ വേദി. അവിടെയുള്ള പല തരത്തിലുള്ള പുസ്തകങ്ങൾ വായിച്ചും അറിവ് പങ്കിട്ടുമാണ് മുൻ തലമുറ വായനയുടെ വിശാല ലോകത്തേയ്ക്ക് നടന്നുകയറിയിരുന്നത്. എന്നാൽ കാലം മാറിയപ്പോൾ ലൈബ്രറിയുടെ പ്രാധാന്യം താരതമ്യേന കുറയുകയും വായനയുടെ രീതിയിൽ ചില വ്യത്യാസങ്ങൾ സംഭവിക്കുകയും ചെയ്തു.

ലൈബ്രറിയിൽ നിന്ന് അകന്നു തുടങ്ങിയവർ സ്വന്തമായി പുസ്തകങ്ങൾ വാങ്ങി വായനയുടെ ചെറിയ ലോകം രൂപപ്പെടുത്തി തുടങ്ങി. പുതിയ തലമുറ വായനയിൽ അല്പം പിറകിലാണെന്നു പൊതുവെ വിലയിരുത്തൽ ഉണ്ടെങ്കിലും പുസ്തകങ്ങളെ ഡിജിറ്റൽ രൂപത്തിൽ സ്വീകരിച്ചു തുടങ്ങിയെന്നത് ഭാവിയിലെ വായനയ്ക്ക് പ്രതീക്ഷ പകരുന്നതാണ്, മാർഗം ഏതായാലും വായന മരിക്കുന്നില്ല എന്ന വലിയ പ്രത്യാശ.

എല്ലാ വർഷവും ജൂൺ 19 നാണ് ദേശീയ വായനാ ദിനം ആചരിക്കുന്നത്. മലയാളിയ്ക്ക് വായനയുടെ വിശാലമായ ലോകം തുറന്നു തന്ന പി.എൻ. പണിക്കരുടെ ചരമ ദിനമാണ് ജൂൺ 19 . ഒരു ഗ്രന്ഥകാരനായി ജീവിതം തുടങ്ങിയ പി. എൻ. പണിക്കർ ജനങ്ങളിൽ വായനയുടെ വിത്തുകൾ പാകുന്നതിന്ഏറ്റവും മികച്ച രീതിയിൽ സ്വാധീനം ചെലുത്തി. അദ്ദേഹത്തോടുള്ള ആദരസൂചകമായി അടുത്ത ഒരാഴ്ച്ക്കാലം വായനാ വാരമായും ആചരിക്കുന്നു.

വായനയിലേക്ക് വഴിതുറന്ന പി. എൻ പണിക്കർ:

1926 ൽ ജന്മ നാട്ടിൽ സനാതന ധർമം എന്ന ഗ്രന്ഥശാല സ്ഥാപിച്ച് വായന യാത്ര തുടങ്ങിയ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമായാണ് കേരള ഗ്രന്ഥശാല സംഘം രൂപംകൊണ്ടത്. കേന്ദ്രീകൃത സംവിധാനമില്ലാതെ പ്രവർത്തിച്ചിരുന്ന സംസ്ഥാനത്തെ ആയിരക്കണക്കിന് ഗ്രന്ഥശാലകളെ കേരള ഗ്രന്ഥശാല സംഘത്തിന് കീഴിൽ കൊണ്ട് വരാനും അദ്ദേഹത്തിന് സാധിച്ചു. അതുകൊണ്ടു തന്നെ ഗ്രൻഥശാല പ്രസ്ഥാനത്തിന്റെ നായകൻ എന്ന പേരിലാണ് പി. എൻ പണിക്കർ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ നിരന്തരമായ ശ്രമങ്ങളുടെ ഫലമെന്നോണമാണ് കേരള പബ്ലിക് ലൈബ്രറീസ് ആക്ട് ഗവണ്മെന്റ് പാസാക്കിയത്. അദ്ദേഹത്തിന്റെ ഏറെ നാളത്തെ സ്വപ്നമായിരുന്നു വായനയെ സംരക്ഷിക്കുന്നതിനായി സർക്കാർ പ്രത്യേക നിയമം കൊണ്ട് വരികയെന്നത്.



# പ്ലാസ്റ്റിക് മലിനീകരണം

പ്ലാസ്റ്റിക് മലിനീകരണം നമ്മുടെ പരിസ്ഥിതിയെ വളരെ വേഗത്തിൽ നശിപ്പിക്കുന്നു. പ്ലാസ്റ്റിക് വസ്തുക്കളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് വളരെ ബുദ്ധിമുട്ടാണ്, മാത്രമല്ല ഇത് ഭൂമിയിലെ മലിനീകരണത്തിന് വളരെയധികം സംഭാവന നൽകുകയും ചെയ്യുന്നു, അതിനാൽ ഇത് ആഗോളതലത്തിൽ ആശങ്കാജനകമാണ്. പ്ലാസ്റ്റിക് സഞ്ചികൾ, പാത്രങ്ങൾ, ഫർണിച്ചറുകൾ എന്നിവയുടെ ഉപയോഗം വർധിക്കുന്നതിനാൽ പ്ലാസ്റ്റിക് മാലിന്യത്തിൽ ഗണ്യമായ വർധനയുണ്ടായതിനാൽ പ്ലാസ്റ്റിക് മലിനീകരണം പോലുള്ള ഗുരുതരമായ പ്രശ്നമാണ് ഉയർന്നുവന്നിരിക്കുന്നത്. ഈ പ്രശ്നത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും പരിഹരിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ട സമയമാണിത്.

മലയാളത്തിൽ പ്ലാസ്റ്റിക് മലിനീകരണത്തെക്കുറിച്ചുള്ള ഹ്രസ്വവും ദീർഘവുമായ ഉപന്യാസം

ഉപന്യാസം – 1 (300 വാക്കുകൾ)

ആമുഖം

പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നാണ് പ്ലാസ്റ്റിക് മലിനീകരണം ഉണ്ടാകുന്നത്, ഇന്നത്തെ കാലത്ത് അത് അതിരൂക്ഷമായ രൂപമെടുക്കുകയും അത് അനുദിനം വർധിക്കുകയും ചെയ്യുന്നു. നമ്മുടെ ഈ മനോഹരമായ ഗ്രഹത്തിൽ ഇതിന് നിരവധി പ്രതികൂല ഫലങ്ങൾ ഉണ്ട്, അതിനാൽ ഇത് ജീവിതത്തിന് ഗുരുതരമായ ഭീഷണിയായി മാറിയിരിക്കുന്നു, അതിനാലാണ് പ്ലാസ്റ്റിക് മലിനീകരണം ഇന്ന് ആഗോള ആശങ്കയായി തുടരുന്നത്.

പ്ലാസ്റ്റിക് മലിനീകരണം എങ്ങനെ തടയാം

നമ്മുടെ ദൈനംദിന ജീവിതത്തിൽ ഈ രണ്ട് മാർഗങ്ങളും സ്വീകരിക്കുന്നതിലൂടെ, പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുന്നതിൽ നമുക്ക് ഒരു പ്രധാന പങ്ക് വഹിക്കാനാകും.

ഉപയോഗിക്കാതെ / മറ്റ് ഓപ്ഷനുകൾ സ്വീകരിക്കുന്നതിലൂടെ

പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട നടപടി പ്ലാസ്റ്റിക് ഉപയോഗം ഒഴിവാക്കുക എന്നതാണ്.

കാരണം ഇപ്പോൾ നമ്മൾ അവ ഉപയോഗിക്കുന്നത് ശീലമാക്കിയിരിക്കുന്നു, മാത്രമല്ല ഇത് വളരെ വിലകുറഞ്ഞതുമാണ്, അതിനാൽ അവ ഉപയോഗിക്കുന്നത് പൂർണ്ണമായും നിർത്താൻ ഞങ്ങൾക്ക് കഴിയില്ല. എന്നിരുന്നാലും, പരിസ്ഥിതി സൗഹൃദമായ ഓപ്ഷൻ ലഭ്യമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം നമുക്ക് എളുപ്പത്തിൽ നിർത്താനാകും. ഉദാഹരണത്തിന്, മാർക്കറ്റിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോൾ, പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം ചണമോ തുണിയോ പേപ്പറോ ഉപയോഗിച്ച് നിർമ്മിച്ച ബാഗുകൾ ഉപയോഗിക്കാം. അതുപോലെ, പാർട്ടികളിലും ഉത്സവങ്ങളിലും, പ്ലാസ്റ്റിക് പാത്രങ്ങളും മറ്റും ഉപയോഗിക്കുന്നതിന് പകരം സ്റ്റീൽ, പേപ്പർ, തെർമോക്കോൾ അല്ലെങ്കിൽ മറ്റ് ഉൽപ്പന്നങ്ങൾ എന്നിവ ഉപയോഗിച്ച് നമുക്ക് എളുപ്പത്തിൽ പുനരുപയോഗിക്കാനും നീക്കം ചെയ്യാനും കഴിയും.

പുനരുപയോഗം



# വനനശീകരണം

മനുഷ്യരുടെ കൈകളിലെ ഭൂമി അതിന്റെ വനങ്ങൾ നഷ്ടപ്പെടുത്തുന്ന പ്രക്രിയയാണ് വനനശീകരണം.ഞങ്ങളുടെ വ്യക്തിപരമോ സമൂഹത്തിനോ തൃപ്തിപ്പെടുത്താനായി ഞങ്ങളുടെ തിരയലിൽ നിരവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ മരം ഉപയോഗിക്കേണ്ടതുണ്ട്. പാചകം ചെയ്യുന്നതിനും ചൂടാക്കുന്നതിനും ഇന്ധനം അല്ലെങ്കിൽ വിറക് ഉപയോഗിക്കുന്നു. മറുവശത്ത്, ഗ്രാമീണ മേഖലയിലെ സാമ്പത്തിക പ്രവർത്തനങ്ങൾ കന്നുകാലികൾക്കു വേണ്ടിയോ അല്ലെങ്കിൽ വ്യത്യസ്ത ഉല്പന്നങ്ങൾ വളർത്തുകയോ വേണം.

വനങ്ങളിൽ വച്ചേറ്റവും വലിയ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്, ഒരു കാട് വച്ചാൽ അവിടെ ജീവിക്കുന്ന ജീവികൾ വീടില്ലാത്തവരാണ്. പല സന്ദർഭങ്ങളിലും മൃഗങ്ങൾ, സസ്യങ്ങൾ, മറ്റു ജീവികൾ മരിക്കുന്നതിനോ അല്ലെങ്കിൽ മറ്റൊരു കാട്ടിലേക്ക് മാറേണ്ടിവരുന്നു. ഒരു വനം നശിപ്പിക്കുന്നത് അതിൽ ജീവിക്കുന്ന അനേകം ജീവിവർഗങ്ങളെ കൊല്ലുന്നു എന്നാണ്. ഇവയിൽ ചിലത് നമുക്ക് അറിയില്ല. ഇക്കാലത്ത് അനേകം ജീവിവർഗ്ഗങ്ങൾ പകൽ ദിവസവും നഷ്ടപ്പെടുകയും നമ്മുടെ ഗ്രഹത്തിൽ നിന്ന് എന്നെന്നേക്കുമായി അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

നമ്മുടെ ഗ്രഹത്തിന്റെ ഉഷ്ണമേഖലാ മഴക്കാടുകൾ, പ്രത്യേകിച്ച് തെക്ക്, മദ്ധ്യ അമേരിക്ക, മധ്യ ആഫ്രിക്ക, തെക്കുകിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്നു. ദിവസേന നൂറുകണക്കിന് വയസ്സ് പഴക്കമുള്ള മരങ്ങൾ മരവിപ്പിക്കും.

ഇത് സംഭവിക്കുന്നതിന് പ്രധാനമായും രണ്ട് കാരണങ്ങളുണ്ട്. ചില രാജ്യങ്ങളിൽ മരത്തിന്റെ ആവശ്യകതയാണ്, കടമെടുക്കുന്ന മൂന്നാമത്തെ രാജ്യങ്ങളെ എളുപ്പത്തിൽ പണം സമ്പാദിക്കാൻ അനുവദിക്കുന്നത്. കാർഷിക-കന്നുകാലിക്ക് സമർപ്പിച്ചിരിക്കുന്ന മേഖലകളിലേക്ക് വനങ്ങളുടെ പരിവർത്തനം രണ്ടാമത്തേതാണ്. ആദ്യത്തേത് പ്രായോഗികയാവുന്നവർക്ക പ്രയോജനകരമാണ്, എന്നാൽ രണ്ടാമതായില്ല;

ഉഷ്ണമേഖലാ പരിസ്ഥിതി വ്യവസ്ഥയുടെ മണ്ണിൽ ഇരുമ്പിന്റെയും അലുമിനിയത്തിന്റെയും ഉയർന്ന ശതമാനം അടങ്ങിയിരിക്കുന്നു. സൂര്യന്റെയും വായുവിന്റെയും പ്രവർത്തനത്തെ തുറന്നുകാണിക്കുമ്പോൾ, അവശേഷിക്കുന്ന അല്പം ഫലഭൂയിഷ്ഠമായ മണ്ണ് മഴയാൽ കഴുകിയിരിക്കും.

ഭൂഗർഭ ഉപരിതലത്തിന്റെ 14% മാത്രമേ അവ കൈവശമുള്ളൂ എങ്കിലും, ജീവജാലങ്ങളിൽ ജീവിക്കുന്ന 60% ജീവജാലങ്ങളും കാർഷിക സസ്യങ്ങളും ഉൾക്കൊള്ളുന്നു. പാരിസ്ഥിതിക സന്തുലനം നഷ്ടപ്പെടുത്താതെ നമുക്ക് ഉപയോഗപ്പെടുത്താവുന്ന നിരവധി വിഭവങ്ങൾ ഉണ്ട്: പച്ചക്കറികളിൽ നിന്നും വൈദ്യശാസ്ത്രത്തിനും വ്യവസായത്തിനും ഏറ്റവും വൈവിധ്യപൂർണ്ണമായ മേഖലകളിൽ ഉപയോഗിക്കുന്ന രാസഘടകങ്ങൾക്ക്.

എന്റെ അഭിപ്രായത്തിൽ, ഈ പ്രശ്നം നമ്മുടെ പരിസ്ഥിതി സംരക്ഷിക്കാൻ ശരിയായ നടപടികൾ സ്വീകരിക്കുന്നതുകൊണ്ട് ചിന്തിക്കുന്നതിനോ ചിന്തിക്കുന്നതിനോ ഉള്ള അധികാരം നൽകുന്നുഇത് കാലിത്തീറ്റ വ്യതിയാനങ്ങൾ ഉണ്ടാക്കുകയും ശ്വാസകോശ നാശത്തിന് കാരണമാവുകയും ചെയ്യുന്നതിനാൽ ഇത് നമ്മെ നല്ല ജീവിത ഗുണനിലവാരം നയിക്കാൻ അനുവദിക്കുന്നില്ല.



# ലഹരി എന്ന വിപത്ത്

മയക്കുമരുന്നിൻറെ ഉപയോഗത്തിനും അനധികൃത കടത്തിനും എതിരായി ആണ് ലോക ലഹരി വിരുദ്ധ ദിനം ആചരിക്കുന്നത്. അമിത ലഹരിയുടെ ഉപയോഗത്തിൽ നിന്നും യുവാക്കളെ ഉണർത്തുക എന്നത് തന്നെയാണ് ഈ ദിനം ലക്ഷ്യം വെക്കുന്നത്. 1987 മുതൽ എല്ലാ വർഷവും ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനമായി ആചരിച്ച് വരുന്നത്.

ലഹരിവസ്തുക്കളുടെ ദുരുപയോഗം മൂലം നമ്മുടെ സമൂഹത്തിലെ ഭൂരിപക്ഷം യുവാക്കളും വഴിതെറ്റിപോകുന്നു. മയക്കുമരുന്നിൻറെ ഉപയോഗം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളിൽ യുവാക്കളിൽ
അവബോധം വളർത്തുകയെന്നതും ഈ ദിനം ആചരിക്കുന്നത് കൊണ്ട് ലക്ഷ്യമിടുന്നുണ്ട്. യുവാക്കളെ മയക്കുമരുന്ന് ഉപയോഗത്തിൽ നിന്ന് മുക്തമാക്കാൻ സമൂഹം നൽകുന്ന പിന്തുണ പ്രകടനമാകുന്ന ദിവസം കൂടിയായാണ് ഈ ദിനം അടയാളപ്പെടുത്തുന്നത്.

മികച്ച പരിചരണത്തിനുള്ള മികച്ച അറിവ് എന്നതാണ് ഈ വർഷത്തെ ലഹരി വിരുദ്ധ ദിന മുദ്രാവാക്യം. മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട യുവാക്കളുടെ ധാരണ എങ്ങനെ മെച്ചപ്പെടുത്താം എന്നാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. യുവാക്കളെ ലഹരി ഉപയോഗത്തിൽ നിന്ന് എങ്ങനെ മുക്തമാക്കാം എന്നും മെച്ചപ്പെട്ട ആരോഗ്യമുള്ള ഒരു സമൂഹത്തെ എങ്ങനെ സൃഷ്ട്ടിച്ചെടുക്കാം എന്നുമാണ് ഈ വർഷത്തെ മുദ്രാവാക്യം കൊണ്ട് ഉദ്ദേശിക്കുന്നത്.

യുവാക്കളും പ്രായ പൂർത്തിയാകാത്ത കുട്ടികളും ആണ് പലപ്പോഴും ലഹരി മരുന്നുകളുടെ ഉപയോഗത്തിന് അടിമപ്പെടുന്നത്. 2015 ൽ ലഹരി ഉപയോഗിച്ചിരുന്നവരേക്കാളും കുറവാണ് 2017ൽ ലഹരി ഉപയോഗിക്കുന്നവരുടെ എണ്ണം എന്നാണ് യുഎൻഡിസി പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നത്. മയക്കുമരുന്ന് നിയന്ത്രണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി പുറത്തുവിട്ട എല്ലാ നിർദ്ദേശങ്ങളും ഒരു പരിധി വരെ വിജയിച്ച എന്നാണ് മനസിലാകുന്നത് എന്ന് യുഎൻഡിസി പറയുന്നു.








SAVE EARTH

POEM:

# THE WORLD




The world is good
As it makes us happy
The world is bad
As it throws us sad

Life the mixture of good and sad active us
Momentum is a force
But life is just like an inertia
Time is going on..... without

Waiting for any mankind
But man tries to perish it
The climate crisis are getting energy
But man thinks of his

Undeniable life
Be extremly happy
Be more pleasant and
Treat everyone without aggressive
Fear less,hope more....

Vishwajith (9B )




# MAHATMA GANDHI

Mahatma gandhi was known as the father of nation. Mahatmagandhi is one of the most influen tial and iconic figures of the 20th century. Born India in 1869.Gandhi was a lawyer who fight for India independenc from British rule.He devoloped a unique from non-violence protest that come to be known as Sathyagraha.The technic was extremely effective in winning independence to India, and it also inspired other non violent protest around the world,including Martin Luther King JR and Nelson Mandela. Gandhiji is celebrated for his commitment to peace justice and equality.He is an inspiration to people of all races and religious who are working for a more  just peaceful world.

കവിത:



# നിൻെറ ഓർമ്മക്ക്

ഒന്നു ഓർക്കു നിൻ ബാല്യകാലം....
അതിൽ നീ എ(ത സുന്ദരിയായിരുന്നു
പനിനീർപൂക്കൾ വിടർന്നുനിൽക്കുന്ന പോലെ...
വെളുത്തചെമ്്ബകപൂക്കളെ പോലെ

അന്ന് നീ എ(ത മനോഹരമായിരുന്നു
എൻ ഓർമ്മകളിലൂടെ നി എൻ
മറവിൽ ഒളിച്ചിരിക്കുന്നു എൻെറ
ബാല്യകാലത്തിലൂടെ നിൻെറ ഓർമ്മകൾ

ഞാൻ വാർത്തെടുക്കുന്നു.....
നിൻെറ ഒർമ്മകൾ എന്നിലൂടെ
മായാതെ കിടക്കുന്നു..........

ആത്മജ (9B )

മാലയാളം :

# തേന്മാവ്


16

മനോഹരമായ സുപ്രഭാതം. തേന്മാവിന്റെ തളിർത്ത ഇലകളിൽ നിന്ന് മഞ്ഞ്കണങ്ങൾ താഴേക്ക് പതിച്ചു. മാവ് പൂക്കുന്ന കാലം മാമ്പൂക്കൾ തലയുയർത്തി നിൽക്കുന്നു. രാമുവു രാധയും മാഞ്ചുവട്ടിൽ വിനോദത്തിൽഏർപ്പെട്ടിരിക്കുന്നു. മാവ് അവർക്ക് തണലേകി സന്തോഷത്താൽ തന്റെ ചില്ലകളാട്ടി നൃത്തംചെയ്യുന്നു. രാമുവും രാധയും മണ്ണപ്പം ചുട്ടും ഒളിച്ചും കാലങ്ങൾ കടന്നുപോയി. മാവിൽ ഉണ്ണികളാകുന്ന മാങ്ങകൾ കിളിർത്തു. പിന്നെ മധുരമുള്ള തേനൂറുന്ന മാമ്പഴങ്ങൾ ആവാൻ തുടങ്ങി. അണ്ണാനും തത്തകളും കാക്കകളും മാമ്പഴത്തിന്റെ തേൻ നുകരാനും ആസ്വദിക്കാനും എത്തി. അങ്ങനെയങ്ങനെ മാമ്പഴങ്ങൾ പഴുത്തുവീവാൻ തുടങ്ങി. പക്ഷിമൃഗലതാദികൾക്കും മനുഷ്യർക്കും ഒരുപോലെ സന്തോഷം കൊടുത്തും തേൻനുകരാനും ആസ്വദിക്കാനും വേണ്ടി മാമ്പഴങ്ങൾ കൊടുത്തും ആ തേന്മാവ് സന്തോഷത്തിന്റെയും മധുരത്തിന്റെയും പ്രതീകമായി നിലനിൽക്കുന്നു.

യദു കൃഷ്ണൻ
( 9 B )

# Thought






“You must be the change you want to see in the world.” – Mahatma Gandhi.



“Failure comes only when we forget our ideals and objectivesand principles.” – Jawaharlal Nehru




“No religion has mandated killing others as  requirement for its sustenance or promotion.” – Dr.A.P.J.Abdul Kalam


മാലയാളം :

# ചിന്ത





“കേൾക്കാൻ ഇഷ്ടമില്ലാത്തത് പറയുവാനുള്ള അവകാശമാണ് സ്വാതന്ത്ര്യം”–ജോർജ് ഓർവെൽ



“മനസ്സാണ് എല്ലാം അത് നരകത്തെ സ്വർഗമാകുന്നു സ്വർഗ്ഗത്തെ നരകവും”–ജോൺ മിൽട്ടൺ



ചിന്തിച്ചു വിഷാദിക്കാതിരിക്കുകമറന്ന് പുഞ്ചിരിതുകുക -

ക്രിസ്റ്റീന റോസറ്റി

# KITE MISTRESS





# EDITORIAL BOARD














Thank You